"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - കോട്ടയം ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിലെ എൽ ഡി ടൈപ്പിസ്റ്റ് ശ്രീമതി. ബിജിമോൾ എ.-യുടെ ചികിത്സയ്ക്ക് ചെലവായ തുക - പ്രതിപൂരണം ചെയ്യുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.517/2026/TAXES തീയതി, തിരുവനന്തപുരം, 27-06-2026

---

പരാമർശം:-
1. സ.ഉ.(പി) നം. 8/2017/എച്ച് & എഫ്.ഡബ്ള്യു.ഡി. തീയതി 10.02.2017.
2. സ.ഉ.(സാധാ) നം. 1045/2024/AGRI തീയതി, 05.11.2024.
3. കോട്ടയം ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിലെ എൽ ഡി ടൈപ്പിസ്റ്റ് ശ്രീമതി. ബിജിമോൾ എ. 18.02.2025 ൽ സമർപ്പിച്ച അപേക്ഷ.
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 12.06.2025 ലെ DHS/14653/2025-MR.2 നമ്പർ കത്ത്.
5. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 14.07.2025ലെ IGR/1632/2025-FIN1 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിലെ എൽ ഡി ടൈപ്പിസ്റ്റ് ശ്രീമതി. ബിജിമോൾ എ. യുടെ IVF ചികിത്സയ്ക്ക് മൂവാറ്റുപുഴ സബൈൻ ആശുപത്രിയിൽ 24.02.2021 മുതൽ 28.02.2022 വരെ ചെലവായ തുക (₹1,44,771) പ്രതിപൂരണം ചെയ്ത് നൽകുന്നതിനു ടിയാളുടെ ഭർത്താവ് ശ്രീ. അഭിലാഷ് വി. ജോലിചെയ്യുന്ന കൃഷി വകുപ്പിൽ അപേക്ഷ സമർപ്പിക്കുകയും പരാമർശം (2) പ്രകാരം അനുമതി നൽകുകയും ചെയ്തിരുന്നു. ടിയാളുടെ IVF ചികിത്സയ്ക്ക് അതേ ആശുപത്രിയിൽ 16.06.2024 മുതൽ 23.01.2025 വരെ ചെലവായ തുക റീഇംബേഴ്സ്മെന്റ് ചെയ്യുന്നതിനായി പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷയും മെഡിക്കൽ ബില്ലുകളും അനുബന്ധരേഖകളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്ക് വിധേയമാക്കിയതായും അപ്രകാരം പരാമർശം (4) പ്രകാരം അനുവദനീയമെന്ന് അറിയിച്ചിരിക്കുന്ന 77,722/-രൂപ റീഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിനുള്ള അനുമതി

നൽകണമെന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിലെ എൽ ഡി ടൈപ്പിസ്റ്റ് ശ്രീമതി. ബിജിമോൾ എ. യുടെ IVF ചികിത്സയ്ക്ക് മൂവാറ്റുപുഴ സബൈൻ ആശുപത്രിയിൽ 16.06.2024 മുതൽ 23.01.2025 വരെ ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 77,722/- രൂപ (എഴുപത്തി ഏഴായിരത്തി എഴുന്നൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രതിപൂരണം ചെയ്തു നൽകുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിസ്സാർ .എ
ഡെപ്യൂട്ടി സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും രേഖകളും സഹിതം)
ശ്രീമതി. ബിജിമോൾ എ., കോട്ടയം ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിലെ എൽ. ഡി. ടൈപ്പിസ്റ്റ്, ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്, കോട്ടയം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ (ലോൺസ്) വകുപ്പ് [17.04.2026ലെ Loans-L4/37/2026-FIN- 3412205]
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (TAXES-E2/107/2025-TAXES)

ഉത്തരവിൻ പ്രകാരം

Signed by Renju. A. R
Date: 27-06-2026 11:06:40

സെക്ഷൻ ഓഫീസർ